സമ്പൂർണ്ണ കാർഷിക സംസ്ഥാനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ

196 (1566) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളം സമ്പൂർണ്ണ കാർഷിക സംസ്ഥാനമാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) ഓരോ പദ്ധതിക്കുമായി 2014-15 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(സി) സമ്പൂർണ്ണ ജൈവകൃഷി പദ്ധതിക്കായി ഓരോ ജില്ലയിലും 2014-15-ൽ എത്ര തുക ചെലവഴിച്ചു ;

(ഡി) ഇതിന്റെ ഭൗതിക ലക്ഷ്യവും സാമ്പത്തിക ലക്ഷ്യവും എത്രയായിരുന്നുവെന്നും ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരളം സമ്പൂർണ്ണ കാർഷിക സംസ്ഥാനമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടില്ല. എന്നാൽ 2016-ൽ കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ചുവടെ ചേർക്കുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത് :

പദ്ധതി	2014-15 സാമ്പത്തിക വർഷം വകയിരുത്തിയ തുക
ജൈവ കൃഷി വികസനം	1000.00 ലക്ഷം രൂപ
വയനാട് പാക്കേജിന്റെ ഭാഗമായി ജൈവ കൃഷി വികസനം	335.00 ലക്ഷം രൂപ
ആർ.കെ.വി.വൈ. (കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ)	140.00 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) 2014-15 വർഷം ജൈവകൃഷി പദ്ധതിക്കായി വിവിധ ജില്ല കളിൽ ചെലവഴിച്ച തുക താഴെ ചേർക്കുന്നു :

പദ്ധതി	ജില്ല	ചെലവഴിച്ച തുക (ലക്ഷം രൂപയിൽ)
ജൈവ കൃഷി വികസനം	കാസർകോഡ്	256.50
ആർ.കെ.വി.വൈ	കോഴിക്കോട്	20.00
	പാലക്കാട്	1.20

ഇതു കൂടാതെ ബയോഫാക്ക് ഇന്ത്യാ ഓർഗാനിക് 2014 നടത്തുന്നതിന് കേരള സർക്കാരിന്റെ വിഹിതമായി 80.50 ലക്ഷം രൂപ KSIDC-ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത മീറ്റിൽ കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾ ലോകത്തിനു മുമ്പാകെ പ്രദർശിപ്പിക്കുകയും അവയുടെ വിപണന സാധ്യതകളും ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡല പദ്ധതി പ്രകാരം സംസ്ഥാനത്തെ 138 നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതി നിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. ഇതു പ്രകാരം അതാതു മണ്ഡലങ്ങളിൽ ജൈവകൃഷി നടത്തുന്നതിനാവശ്യമായ പദ്ധതികൾ രൂപകല്പന ചെയ്യുന്നതു സംബന്ധിച്ച് ലഭ്യമായ നിർദ്ദേശങ്ങൾ പരിശോധിച്ചുവരികയാണ്.

കൃഷിവകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

197 (1567) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly